**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനാംഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് വകുപ്പിൽ ജനസംഖ്യാനുപാതികമായി സേനാംഗങ്ങളെ നിയമിക്കുന്നുണ്ടോ; | (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 09/03/2016 ലെ DO No. 10867/AR-7-7(1)14/P&ARD വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം പൊതുജന പോലീസ് അനുപാതം 500:1 എന്ന നിലയിൽ ആവശ്യമാണെന്ന് നിർണ്ണയിച്ചിട്ടുണ്ട്. നിലവിൽ അപ്രകാരമുള്ള നിയമനത്തിനുള്ള സാധ്യത പരിഗണനയിലില്ല. |
| (ബി) | നിലവിൽ പോലീസ് സേനാംഗങ്ങളുടെ തസ്തിക എത്രയാണെന്നും അവയിൽ ഒഴിവുകളുണ്ടോയെന്നും അറിയിക്കാമോ; | (ബി) | നിലവിൽ സംസ്ഥാന പോലീസിൽ 80 തസ്തികകളിലായി ആകെ 55658 സേനാംഗങ്ങൾ ഉണ്ട്.<br><br>കേരള സിവിൽ പോലീസ് കേഡറിൽ 2 ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികകളുടേയും, 71 (53 fresh+NJD) സബ് ഇൻസ്പെക്ടർ തസ്തികകളുടെ ഒഴിവുകളും കണക്കാക്കിയിട്ടുണ്ട്. ആംഡ് റിസർവ്വ് (ക്ലോസ്ഡ്) യൂണിറ്റുകളിൽ കമാണ്ടന്റ് -1, ഡെപ്യൂട്ടി കമാണ്ടന്റ് - 5, അസിസ്റ്റന്റ് കമാണ്ടന്റ്- 7 എന്നിങ്ങനെ ഒഴിവുകൾ ഉണ്ട്. ടെക്നിക്കൽ വിഭാഗത്തിൽ 6 മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ഒഴിവുകളും ഉണ്ട്.<br><br>01-01-2025 വരെ ലഭ്യമായ എല്ലാ ഒഴിവുകളും, 01/07/2025 വരെയുള്ള പ്രതീക്ഷിത ഒഴിവുകളും ചേർത്ത് (ഒഴിവുകളിൽ കെ.സി.പി. ട്രാൻസ്ഫർ/ സ്ഥാനക്കയറ്റം മുഖേന ഉണ്ടായ/ഉണ്ടാകുവാൻ സാധ്യതയുള്ള ഒഴിവുകളും ഉൾപ്പെടും), 8 ബറ്റാലിയനുകൾക്കും (സായുധ വനിതാ ബറ്റാലിയൻ ഉൾപ്പെടെ) വേണ്ടി 2123 ഒഴിവുകൾ കെ.പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കുമായി വിവിധ തസ്തികകളിൽ അംഗബലം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രപ്പോസൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ